പത്രക്കുറിപ്പ്

## ലോക ഉപഭോക്തൃദിനവാചരണവുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാർത്ഥികൾക്കായി ലേഖനാ രചനാ മത്സരം സംഘടിപ്പിക്കുന്നു.

ലോക ഉപഭോക്തൃ ദിനാചരണവുമായി ബന്ധപ്പെട്ട് മാർച്ച് 15 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് ഇടുക്കി ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് 'ഉപഭോക്തൃ സംരക്ഷണ നിയമം - 2019 പ്രത്യാശകൾ' എന്ന വിഷയത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി ലേഖനാ രചനാ മത്സരം സംഘടിപ്പിക്കുന്നു. ചടങ്ങ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജിജി കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്യും.

മത്സര സമയം ഒരു മണിക്കൂർ. സമ്മാനാർമായ വിദ്യാർത്ഥികൾക്ക് അംഗീകാരപത്രങ്ങൾക്ക് പുറമെ ഒന്നാം സമ്മാനം രണ്ടായിരം രൂപ, രണ്ടാം സമ്മാനം ആയിരത്തി അഞ്ഞൂറ് രൂപ, മൂന്നാം സമ്മാനം ആയിരം രൂപ എന്നിങ്ങനെ ക്യാഷ് അവാർഡുകളും നൽകുന്നതാണ്.

മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

Notice board
14/3

ജില്ലാ സപ്ലൈ ഓഫീസർ
ഇടുക്കി

ജില്ലാ സപ്ലൈ ആഫീസ്, ഇടുക്കി